**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **04-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ-കല്ല്യാശേരി, പയ്യന്നൂർ-തൃക്കരിപ്പൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കിൽകടവ് പാലം, രണ്ടുതെങ്ങ് പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ; | (എ) | പോർട്ട് കണക്റ്റിവിറ്റി റോഡിന്റെ ഭാഗമായുള്ള വരുന്ന ഓലക്കിൽകടവ് പാലത്തിന്റെ ഡി.പി.ആർ നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് തയ്യാറാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉപരിതല ഗതാഗത സെക്രട്ടറി നടത്തിയ യോഗത്തിൽ ഈ പാലം പേവ്ഡ് ഷോൽഡേഴ്സ് സഹിതം രണ്ട് ലെയ്ൻ വീതിയിൽ മാത്രമേ ചെയ്യാൻ കഴിയൂ. എന്നതിനാൽ ഇതിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും നല്ലതെന്ന് ദേശീയപാതാ അതോറിറ്റി അഭിപ്രായപ്പെട്ടു. അതിനെ തുടർന്ന് ജോയിന്റ് സെക്രട്ടറിയും (ലോജിസ്റ്റിക്സ്) എൻ.എച്ച്.എൽ.എം.എൽ (NHLML) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിന്റെ സാധ്യതകൾ പരിശോധിക്കുവാനും മുന്നോട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന സർക്കാരുമായി ചർച്ച നടത്തുവാനും ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പയ്യന്നൂർ തൃക്കരിപ്പൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ടുതെങ്ങ് പാലം തീരദേശഹൈവേ അലൈൻ മെന്റിൽ ഉൾപ്പെട്ട ന്നതാണ്. 10.07.2017 ൽ തീരദേശ ഹൈവേയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീ കരിച്ചിട്ടുണ്ട്. കാസർഗോഡ് കെ.ആർ.എഫ്.ബി–പി.എം.യു ഡിവിഷൻ തയ്യാറാക്കുന്ന ഡി.പി.ആർ കിഫ്ബിയിൽ നൽകി സാമ്പത്തിക അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടി 270 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് 23/05/2022 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ സാങ്കേതിക അനുമതിയ്ക്കായ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാ ക്കേണ്ടതുണ്ട്. സാങ്കേതിക |

| | | | |
|---|---|---|---|
| | | | അനുമതി നൽകിയതിന് ശേഷം മാത്രമേ പ്രവൃത്തി ടെൻഡർ ചെയ്തു നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | പോർട്ട് കണക്ടിവിറ്റി റോഡിന്റെ ഭാഗമായുള്ള വരുന്ന ഓലക്കിൽകടവ് പാലത്തിന്റെ ഡി.പി.ആർ നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് തയ്യാറാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉപരിതല ഗതാഗത സെക്രട്ടറി നടത്തിയ യോഗത്തിൽ ഈ പാലം പേവ്ഡ് ഷോൾഡേഴ്സ് സഹിതം രണ്ട് ലെയ്ൻ വീതിയിൽ മാത്രമേ ചെയ്യാൻ കഴിയൂ. എന്നതിനാൽ ഇതിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും നല്ലതെന്ന് ദേശീയപാതാ അതോറിറ്റി അഭിപ്രായപ്പെട്ടു. അതിനെ തുടർന്ന് ജോയിന്റ് സെക്രട്ടറിയും (ലോജിസ്റ്റിക്സ്) എൻ.എച്ച്. എൽ.എം.എൽ (NHLML) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിന്റെ സാധ്യതകൾ പരിശോധിക്കുവാനും മുന്നോട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന സർക്കാരുമായി ചർച്ച നടത്തുവാനും ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പയ്യന്നൂർ തൃക്കരിപ്പൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ടുതെങ്ങ് പാലം തീരദേശഹൈവേ അലൈൻ മെന്റിൽ ഉൾപ്പെട്ട ന്നതാണ്. 10.07.2017 ൽ തീരദേശ ഹൈവേയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീ കരിച്ചിട്ടുണ്ട്. കാസർഗോഡ് കെ.ആർ.എഫ്.ബി–പി.എം.യു ഡിവിഷൻ തയ്യാറാക്കുന്ന ഡി.പി.ആർ കിഫ്ബിയിൽ നൽകി സാമ്പത്തിക അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടി 270 സെന്റ് സ്ഥലം ഏറ്റടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് 23/05/2022 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ സാങ്കേതിക അനുമതിയ്ക്കായ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാ ക്കേണ്ടതുണ്ട്. സാങ്കേതിക അനുമതി നൽകിയതിന് ശേഷം മാത്രമേ പ്രവൃത്തി ടെൻഡർ ചെയ്തു നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ